**ചട്ടം 304 പ്രകാരം ശ്രീ.കെ.ബാബു, എം.എൽ.എ ഉന്നയിച്ച 'മംഗലം-ഗോവിന്ദപുരം സംസ്ഥാനപാത ദേശീയപാതയായി ഉയർത്തുന്നത് സംബന്ധിച്ച്' സബ്മിഷന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നൽകാനുള്ള മറുപടി**

സംസ്ഥാനത്ത് ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ച വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് (കേരളത്തിന്റെ ഭാഗമായ മംഗലം - ഗോവിന്ദപുരം സംസ്ഥാന പാത) ഉൾപ്പെടെയുള്ള ദേശീയപാതകളുടെ സാധ്യത പഠനവും പദ്ധതി രൂപരേഖകളും തയ്യാറാക്കുന്ന നടപടികളുടെ ഭാഗമായി അലൈൻമെന്റ് ഓപ്ഷനുകൾ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദേശീയപാതകൾ ഒന്നിന്റെയും തുടർനടപടികൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തി വയ്ക്കുവാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് എല്ലാ തീരുമാനവും പൂർണ്ണമായും കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിന്റേതാണ്.

CF P3

CF P11

21.01.21

21/1/21

21/1/2021

21/1/21

21/1/21

21/1